*➪ എം.കെ. ഗാന്ധി പലപ്പോഴും ഒറ്റയാൾ സമരങ്ങൾ പലതവണ ഉപയോഗിച്ചിട്ടുണ്ട് ➪*

# ഒറ്റയാൾ സമരങ്ങളിലെ ഒറ്റയും ആളും

ഒറ്റയാൾ സമരങ്ങൾ മിക്കവാറും ജനാധിപത്യസങ്കൽപങ്ങളോട് നീതി പുലർത്താത്തതും തികച്ചും വ്യക്തി കേന്ദ്രിതവും അപരനിഷേധത്തിൽ ഊന്നുന്നതുമായ നിലപാടുകൾ പിൻപറ്റുന്നതുമായിരിക്കും. ഇതിന്റെ ഏറ്റവും പുതിയ പ്രാദേശിക ഉദാഹരണമാണ് ജസീറയുടെ സമരമെന്ന്

**കെ. റാണ**

**മണിപ്പൂരിലെ** ഈറോം ശർമ്മിള മുതൽ നീരൊഴുക്കുംചാലിലെ ജസീറ വരെ നീളുന്ന ഒറ്റയാൾ സമരങ്ങളുടെ പിതൃരൂപം ഗാന്ധിയുടെ ഒറ്റയാൾ സമരങ്ങളാണെന്ന പരികൽപനയിൽ നിന്നാണ് ഇവിടെ നിന്നിനി മുന്നോട്ടുള്ള വരികൾ.

സ്വാതന്ത്ര്യസമരത്തിന്റെ പല ഘട്ടങ്ങളിലും സമര സംഘടനയ്ക്കുള്ളിലെ ആശയസംഘട്ടനങ്ങളിൽ സ്വന്തം നിലപാടുകൾ തന്നെ വിജയിപ്പിച്ചെടുക്കുന്നതിനടക്കം എം.കെ. ഗാന്ധി പലപ്പോഴും ഒറ്റയാൾ സമരങ്ങൾ പലതവണ ഉപയോഗിച്ചിട്ടുണ്ടെന്നതിന് ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ ചരിത്രം സാക്ഷി പറയും. പലപ്പോഴും ഗാന്ധിയുടെ ശാഠ്യങ്ങൾ അല്ലെങ്കിൽ ഒറ്റയാൾപ്പോരാട്ടങ്ങൾ വിജയിക്കുകയും ചെയ്തിട്ടുണ്ട്. കോൺഗ്രസിന്റെ യുവജനതയിൽ വിപ്ലവവീര്യം നിറച്ച സുഭാഷ് ചന്ദ്രബോസിനെ പാർട്ടിയിൽ നിന്ന് തുരത്തിയതിന് പിന്നിൽ ഗാന്ധിയുടെ ഒറ്റയാൾ സമരതന്ത്രമായിരുന്നുവെന്ന് കോൺഗ്രസിന്റെ ചരിത്രം വ്യക്തമാക്കും. അമരാവതിയിൽ ഒറ്റയ്ക്ക് കുത്തിയിരുന്ന് എ.കെ.ജി നടത്തിയ സമരം കേരളത്തിന്റെ കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രീകൃത ജനാധിപത്യ വിപ്ലവരീതിയുടെയും കൂട്ടായ തീരുമാനങ്ങളെടുക്കുന്ന കമ്യൂൺ പാരമ്പര്യത്തിന്റെയും ആദ്യത്തെ അപഭ്രംശമായിരുന്നുവെന്ന് വിലയിരുത്തുന്നവർ ഏറെയുണ്ട്.

പറഞ്ഞുവന്നത് ഒറ്റയാൾ സമരങ്ങൾ മിക്കവാറും ജനാധിപത്യസങ്കൽപങ്ങളോട് നീതി പുലർത്താത്തതും തികച്ചും വ്യക്തികേന്ദ്രിതവും അപരനിഷേധത്തിൽ ഊന്നുന്നതുമായ നിലപാടുകൾ പിൻപറ്റുന്നതുമായിരിക്കും എന്നതാണ്. ചരിത്രവഴികളിൽ ഇവ പലപ്പോഴും ന്യായീകരിക്കപ്പെട്ടേക്കാമെങ്കിലും അടിസ്ഥാനപരമായി അത് വ്യക്തികേന്ദ്രിത നൈതിക സങ്കൽപങ്ങളിൽ കെട്ടിയിടപ്പെട്ടതാവാതെ തരമില്ല. അതുകൊണ്ട് ഒറ്റയാൾ സമരങ്ങളിലെ ഒരാൾ വളരെ പ്രധാനമാകുന്നു. ആ ഒരാൾക്ക് കൈവരുന്ന പ്രാധാന്യം അതിൽ തന്നെ പ്രശ്നവൽക്കരിക്കപ്പെടുന്നുവെന്നത് മറ്റൊരു യാഥാർത്ഥ്യം.

ഇതിന്റെ ഏറ്റവും പുതിയ പ്രാദേശിക ഉദാഹരണമാണ് നീരൊഴുക്കുംചാലിലെ ജസീറയുടെ സമരം. സമരത്തിന് ഒറ്റയാൾ സഹനസമരത്തിന്റെ സ്വയം പീഡന സ്വഭാവം ഉള്ളതുകൊണ്ടും ഇതിനൊരു തീരുമാനമുണ്ടാക്കിയിട്ടേ ഞാനിനി പുറകോട്ടുള്ളൂ എന്ന് പറ



യുക മാത്രമല്ല പ്രവർത്തിക്കുക കൂടി ചെയ്യുന്നതുകൊണ്ടും ജസീറ സ്വാഭാവികമായും ജനമനസ്സുകളിൽ പിന്തുണ നേടി. ജസീറയെ പുച്ഛത്തോടെ എതിർത്ത ജനപ്രതിനിധി കൂടിയായ അബ്ദുള്ളക്കുട്ടി  അബദ്ധക്കുട്ടിയായി മാറി, ഒന്നല്ല, പലതവണ. എന്നാൽ, ദൗർഭാ

ഒറ്റയാൾ സമരങ്ങളിലെ ആ ഒരാൾ എന്ന നിലയിൽ ജസീറയെ വിചാരണ ചെയ്യുന്നതിൽ വലിയ അർത്ഥമില്ല. കാരണം അബ്ദുള്ളക്കുട്ടിയും മണൽ ലോബിയുമടക്കം നിരവധിയനവധി ടെലിവിഷൻ–മാധ്യമ ചർച്ചകളിൽ അത് നിരന്നു കഴിഞ്ഞു. ജസീറയും ഒരുപാട് സംസാരിച്ചു.

ഗ്യകരമെന്ന് പറയട്ടെ, ഈപ്പറയുന്ന ജനപിന്തുണ നീരൊഴുക്കുംചാലിലെത്തുമ്പോൾ വറ്റിവരണ്ടുപോവുകയും ചെയ്യുന്നു. ജസീറയുടെ കൂടെ നിൽക്കാൻ ആ തീരത്തു നിന്ന് ആരും മുന്നോട്ടുവന്നില്ലെന്ന് മാത്രമല്ല ജസീറയ്ക്കെതിരെ മനുഷ്യമതിൽകെട്ടാൻ ഏറെപ്പേർ ഉണ്ടാവുകയും ചെയ്തു. മനുഷ്യമതിലിന്റെ ഉറപ്പ് മണൽ മാഫിയയുടെ കരുത്താണെന്ന് പറയാമെങ്കിലും നമ്മുടെ പ്രശ്നം അത്ര ലളിതമായി ഉത്തരം കണ്ടെത്താവുന്നതല്ല.

ജസീറയുടെ സമരത്തിൽ പല ഘടകങ്ങളുണ്ടെന്ന് മനസ്സിലാക്കാം. 1. ആവശ്യം ന്യായം. നീരൊഴുക്കുംചാലിലെ എന്നല്ല, കേരളത്തിലെവിടെയും ഒരു തരിപോലും തീരമണൽ എടുക്കാൻ നിയമം അനുവദിക്കുന്നില്ല. (കരിമണലടക്കം!!) 2. അവർ പർദയിട്ട മുസ്ലീം സ്ത്രീയാണ്. പർദ്ദയിട്ടുകൊണ്ട് സമുദായം നിർദ്ദേശിച്ച നിയമങ്ങളെ സർവ്വാത്മനാ പിന്തുടരുകയും എന്നാൽ മാമൂലുകളെയും സാമൂഹികമായ ധാരണകളെയും യാതൊരു സങ്കോചവുമില്ലാതെ എതിർക്കുകയും ചെയ്യുന്നു. മുലകുടി മാറാത്ത ഒരു ആകുഞ്ഞിനെയും സ്കൂൾ വിദ്യാർത്ഥിനികളായ രണ്ട് പെൺകുട്ടികളോടുമൊപ്പമാണ് ജസീറ റോഡരുകിൽ പകലും രാത്രിയും കൂട്ടിന് മറ്റാരുമില്ലാതെ സമരം നടത്തിയത്. അക്കാരണം കൊണ്ടുമാത്രം ജസീറയുടെ സമരത്തിന് വലിയ സാമൂഹിക മാറ്റങ്ങൾ സൃഷ്ടിക്കാനുള്ള ഉൾക്കരുത്തുണ്ടാവേണ്ടതായിരുന്നു. 3. സമരത്തിന്റെ ആവശ്യം നിയമം നടപ്പാക്കുക എന്നതായിരുന്നു. അടിസ്ഥാനപരമായി ഭരണകൂടം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയും അതുതയൊണ്, സ്വയം നിർമ്മിച്ച നിയമങ്ങൾ നടപ്പിലാക്കാൻ കഴിയാതെ നിസ്സഹായമാവുകയും നിസ്സഹായത നടിക്കുകയും ചെയ്യുകയുമാണ് ഭരണകൂടം. 4. ഇതിനെല്ലാം പുറമെ, ജസീറയുടെ സമരം സ്വന്തം നാട്ടിലെ ബഹുഭൂരിപക്ഷത്തിനെതിരായിരുന്നു എന്നതാണ്. ഒറ്റയാൾ സമരത്തെ ഒറ്റുകൊടുത്തതും ഒറ്റപ്പെടുത്തിയതും ഇതായിരുന്നു.

ഒറ്റയാൾ സമരങ്ങളിലെ ആ ഒരാൾ എന്ന നിലയിൽ ജസീറയെ വിചാരണ ചെയ്യുന്നതിൽ വലിയ അർത്ഥമില്ല. കാരണം അബ്ദു

## ജസീറയുടേത് ഒറ്റപ്പെട്ട പ്രശ്നമല്ല

പൂഴി (മണൽ) ക്ഷാമം പരിഹരിക്കുന്നതിന് കടൽ മണൽ ഖനനം ആവാമെന്ന് തത്വത്തിൽ അംഗീകരിക്കുന്നതിന് മുമ്പുതന്നെ കേരളത്തിലെ കടൽത്തീരങ്ങളിൽ നിന്ന് മണൽക്കടത്ത് തുടങ്ങിയിരുന്നു. ഉപ്പുകലർന്ന തീരമണൽ പുഴമണലിനോട് ചേർത്തും വെള്ളമൊഴിച്ച് ഊറ്റി ഉപ്പുരസം കളഞ്ഞും ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഇത് കെട്ടിടങ്ങൾക്ക് ബലക്ഷയമുണ്ടാക്കുമെന്ന് നിർമ്മാണവിദഗ്ദർ ചൂണ്ടിക്കാട്ടുന്നുണ്ടെങ്കിലും നല്ല മണലിന്റെ ലഭ്യതക്കുറവ് തീരമണലിലേക്ക് തിരിയാൻ ആളുകളെ പ്രേരിപ്പിക്കുന്നു.

ജസീറയുടെ സമരത്തിന് കാരണമായ നീരൊഴുക്കുംചാലിൽ മാത്രമല്ല, കണ്ണൂരിൽ പലയിടങ്ങളിലും ഇത്തരത്തിൽ മണൽക്കടത്ത് വ്യാപകമായി നടക്കുന്നു. മുൻകാലങ്ങളിൽ ടിപ്പർ ലോറികളിൽ നേരിട്ട് കടത്തിയിരുന്നതിന് പകരം തീരവാസികളെ ഉപയോഗിച്ച് തലച്ചുമടായി മണൽ കൊണ്ടുപോയി ഒഴിഞ്ഞ ഇടങ്ങളിൽ കൂട്ടിയിട്ട് അവിടെ നിന്ന് ലോറികളിലേക്ക് കയറ്റിപ്പോവുകയാണ് ചെയ്യുന്നത്. ഇത് പല തീരങ്ങളുടെയും ശോഷണത്തിന് കാരണമായിട്ടുണ്ട്. തലശ്ശേരി തുടങ്ങി പലയിടങ്ങളിലും മണൽക്കടത്തുകാരും മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുമായും ഇത് സംഘർഷങ്ങൾക്കും കാരണമായിട്ടുണ്ട്. തീരം കുഴികളായി രൂപപ്പെടുന്നതോടെ മത്സ്യബന്ധനയാനങ്ങൾക്ക് ഭീഷണിയാവുന്നതാണ് പ്രധാന സംഘർഷകാരണം. കഴിഞ്ഞ മാസം മണൽക്കടത്തിനെ എതിർത്ത ഒരു തൊഴിലാളിയുടെ വീട്ടുവാതിലിനുമുമ്പിൽ ഒരു വാഴക്കുല വെട്ടി തുണ്ടമാക്കി അരിഞ്ഞിട്ട് കണിയൊരുക്കിയാണ് മണൽമാഫിയ പ്രതീകാത്മകമായി ഭീഷണിയുയർത്തിയത്.

ളക്കുട്ടിയും മണൽ ലോബിയുമടക്കം നിരവധിയനവധി ടെലിവിഷൻ-മാധ്യമ ചർച്ചകളിൽ അത് നിരന്നുകഴിഞ്ഞു. ജസീറയും ഒരുപാട് സംസാരിച്ചുകഴിഞ്ഞു. ജസീറ നിരന്തരം തന്റെ ആവശ്യങ്ങൾ മാറ്റിക്കൊണ്ടിരിക്കുന്നുവെന്നാണ് കണ്ണൂർ ജില്ലാ കളക്ടർ രത്തൻ കേൽക്കർ പരാതി പറഞ്ഞത്. ആദ്യം നീരൊഴുക്കുംചാലിൽ പൊലീസ് പട്രോളിങ് വേണമെന്നായി. തലച്ചുമടായി മണൽ കൊണ്ടുപോകുന്ന സ്ത്രീകളെ അറസ്റ്റുചെയ്യണമെന്നായി. പൊലീസ് പിക്കറ്റ് ഏർപ്പെടുത്തിയപ്പോൾ അതുമാത്രം പോര എന്നായി. ഇപ്പോൾ കേരളത്തിലെ തീരമണൽ മുഴുവൻ സംരക്ഷിക്കപ്പെടണമെന്ന ആവശ്യം ഉന്നയിച്ചു. സമരലക്ഷ്യങ്ങൾ ജസീറ ഓരോ ദിവസവും മാറ്റിസ്ഥാപിച്ചുകൊണ്ടിരുന്നു. ഇതൊരു പുതിയ സമരതന്ത്രമാണോ അതോ തന്ത്രങ്ങളൊന്നുമില്ലാത്ത ഗ്രാമീണമായ ഒരു ദുർവ്വാശിയാണോ എന്നൊക്കെ ജസീറയുടെ ചുറ്റും നിന്നവർ തന്നെ പലപ്പോഴും അൽഭുതപ്പെട്ടു. പഴയങ്ങാടി പൊലീസ് സ്റ്റേഷനുമുന്നിൽ കൊടുംമഴയത്ത് ഒറ്റനിൽപ്പ് ഒരാഴ്ചയോളം നിന്നതിന് ശേഷമാണ് ജസീറ കണ്ണൂർ കളക്ട്രേറ്റിന് മുന്നിലെത്തുന്നത്. രണ്ട് തവണയായി രണ്ടാഴ്ചയിലധികം കണ്ണൂരിൽ. പിന്നീട് തിരുവനന്തപുരത്തേക്കും ഡൽഹിയിലേക്കും. മാറ്റിസ്ഥാപിക്കുന്ന ലക്ഷ്യങ്ങൾ പോലെ തന്നെ സമരവേദികളും മാറുന്നു. ആ ഒരാൾ മാത്രം മാറുന്നില്ല.

ഒരു ചെറിയ ഇടവഴി കയറി വളഞ്ഞു ചുറ്റി തിരിച്ചുവരാം. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് കണ്ണൂരിൽ വെച്ചുനടന്ന ഒരു യോഗത്തിൽ വിദഗ്ധ സമിതി അംഗവും മുൻ ജൈവവൈവിധ്യബോർഡ് ചെയർമാനുമായ ഡോ. വി.എസ്. വിജയൻ പറഞ്ഞത് റിപ്പോർട്ടിന്റെ ജനാധിപത്യ സ്വഭാവത്തെക്കുറിച്ചായിരുന്നു. പരിസ്ഥിതി ലോല പ്രദേശമായി പ്രഖ്യാപിക്കാനുള്ള അവകാശം പഞ്ചായത്തുകൾക്കായിരിക്കും- അതായത് അതാത് പ്രദേശത്തെ ഗ്രാമസഭകൾക്കും ജനങ്ങൾക്കുമായിരിക്കും- എന്ന് അദ്ദേഹം ആവർത്തിച്ചു പറഞ്ഞു.

? അങ്ങനെയെങ്കിൽ ഒരു ഗ്രാമസഭയ്ക്ക് പശ്ചിമഘട്ടം സംരക്ഷിക്കപ്പെടേണ്ടതില്ല എന്നാണ് തോന്നുന്നതെങ്കിലോ?

= അങ്ങനെയെങ്കിൽ അങ്ങനെ... അതിൽ ആർക്കും ഒന്നും ചെയ്യാൻ കഴിയില്ല.

തിരിച്ചു ജസീറയിലേക്ക് വന്നാൽ നീരൊഴുക്കും ചാലിലെ ജനങ്ങളിലൊരാൾ പോലും ജസീറയോടൊപ്പം സമരത്തിനെത്തിയില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കണം. കണ്ണൂരിലെ പരിസ്ഥിതി പ്രവർത്തകർ തുടക്കത്തിൽ അവരോടൊപ്പം ആവേശപൂർവ്വം ഉണ്ടായിരുന്നു. കണ്ണൂരിലെ പത്രങ്ങളും ജസീറയ്ക്കായി ദിവസവും നിരവധി കോളം ഒഴിച്ചിട്ടു. കണ്ണൂരിൽ ജസീറയുടെ ആദ്യഘട്ട സമരം വിജയമായിരുന്നു. ആവശ്യങ്ങളെല്ലാം അംഗീകരിച്ച് ഭരണകൂടം മുട്ടുമടക്കിയതിന്റെ ആഹ്ലാദം ഒരു

⇨ അധികമാരുമറിയാതെ മൂന്നുമക്കളേയും കൊണ്ട് ജസീറ തിരുവനന്തപുരത്തേക്ക് ട്രെയിൻ കയറി ⇨

വലിയ പ്രകടനമായാണ് കണ്ണൂരിൽ നടന്നത്. ജേതാവിനെപ്പോലെ ജസീറ അഭിനന്ദനങ്ങളുടെ പ്രവാഹത്തിൽ മുങ്ങി. തിരികെ വീട്ടിലെത്തിയ ജസീറയ്ക്ക് നാട്ടിൽ പിടിച്ചുനിൽക്കാനായില്ല. മണൽകടത്ത് തടയാനേർപ്പെടുത്തിയ പൊലീസ് സംഘം തന്റെ വീടിന് മുന്നിൽ കാവലിരിക്കുകയാണെന്നും ഒന്നും ചെയ്യുന്നില്ലെന്നുമുള്ള പരാതിയുമായി ജസീറ വീണ്ടും കളക്ട്രേറ്റ് പടിക്കലെത്തിയപ്പോൾ കണ്ണൂരിലെ കൊടികെട്ടിയ പരിസ്ഥിതിക്കാരൊന്നും ആ പ്രദേശത്തേക്ക് തിരിഞ്ഞുനോക്കിയില്ല. കാരണം അവർക്കുമാത്രമേ വിശദീകരിക്കാനാവൂ. എൽ.ഡി.എഫിന്റെ സോളാർ രാപ്പകൽ സമരത്തിനായി ഒരുക്കിയ കൂറ്റൻ പന്തലിന്റെ ഒരരുകിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ ജസീറ ദിവസങ്ങൾ കഴിച്ചുകൂട്ടി. പത്രങ്ങളും പരിസ്ഥിതിക്കാരും ഉപേക്ഷിച്ച ജസീറയെക്കുറിച്ച് ചന്ദ്രിക ദിനപത്രത്തിൽ ഒന്നാം പേജ് വാർത്ത വന്നു. ചില ദളിത് അവകാശ പ്രവർത്തകർ ജസീറയുടെ സഹായത്തിനെത്തി. ഒരു വൈകുന്നേരം അധികമാരുമറിയാതെ മൂന്നുമക്കളേയും കൊണ്ട് ജസീറ തിരുവനന്തപുരത്തേക്ക് ട്രെയിൻ കയറി. അവിടുന്നങ്ങോട്ട് ജസീറയുടെ സമരം വീണ്ടും മാധ്യമങ്ങളിൽ നിറഞ്ഞു. ആഴ്ചകൾ നീണ്ട തിരുവനന്തപുരം സമരത്തിന് ശേഷം ഡെൽഹിയിലേക്ക്...

**ഇനി ജസീറ എവിടേക്ക് പോകും?**

കണ്ണൂരിലെത്തിയ കേന്ദ്രമന്ത്രി ജയ്റാം രമേശിനോട് പത്രപ്രവർത്തകർ ജസീറയെപ്പറ്റി ചോദിച്ചു...

കൗതുകം വിടർത്തിയചിരിയോടെ ജസീറയും കണ്ണൂരുകാരിയാണോ എന്ന് മറുചോദ്യം. താൻ മുഖ്യമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ടെന്ന് മറുപടി. അപ്പോൾ ഭരണകൂടത്തിന് അത്രയൊക്കെയേ ചെയ്യാൻ കഴിയൂ. അതവർ ചെയ്യുന്നുണ്ടെന്ന് അവകാശപ്പെടുകയും ചെയ്യുന്നു.

**ഇനി ജസീറ എങ്ങോട്ടുപോകും?**

അവിടെയാണ് ഒറ്റയാൾ സമരം യഥാർത്ഥത്തിൽ ഒറ്റപ്പെട്ടുപോകുന്നത്. ഭരണകൂടം സ്വയം കുറ്റമേറ്റും നിസ്സഹായത പ്രകടിപ്പിച്ചും നിസ്സംഗത നടിച്ചും തന്ത്രപരമായി ഒറ്റുകൊടുക്കുന്നതുപോലും പ്രദേശവാസികളുടെ ജീവസന്ധാരണത്തിനായി ഒന്നു കണ്ണടക്കുന്നേയുള്ളൂ എന്ന ന്യായം ഓഫ് ദ് റെക്കോഡ് സ്റ്റേറ്റുമെന്റുകളായി പറഞ്ഞുകൊണ്ടാണ്. ഓൺ ഇൻഡ്യാ ഗവമെന്റ് സർവ്വീസ് എന്ന് മുദ്രവെച്ച ലക്കോട്ടിൽ പക്ഷേ ഈ സ്റ്റേറ്റുമെന്റ് ഭരണഭാഷ മലയാളത്തിൽ അച്ചടിക്കാനുള്ള ലിപി ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. അതുകൊണ്ട്, ജസീറയ്ക്ക് ഇനി ഒറ്റയിടത്തേ പോകാനാവൂ...നീരൊഴുക്കുംചാലിലെ തീരമണൽത്തട്ടിലേക്ക്. താൻ ജനിച്ചുവളർന്ന സ്വന്തം തീരത്തിനായി ജസീറ ഇത്രയുമൊക്കെ ചെയ്തിട്ടും സ്വന്തം സഹോദരനും വീട്ടുകാർക്കുപോലും കാര്യങ്ങൾ മനസ്സിലാവുന്നില്ലെങ്കിൽ. ജസീറയോടൊപ്പം നിന്ന് തലച്ചുമടായി ഏറ്റിപ്പോകുന്ന തീരമണൽ തടയാൻ മറ്റൊരു സ്ത്രീ കൂടി നീരൊഴുക്കുംചാലിൽ നിന്ന് ഉയർന്നു വരുന്നില്ലെങ്കിൽ, സർക്കാർ വിജ്ഞാപനങ്ങൾക്കും ഉറപ്പുകൾക്കും അപ്പുറം ജസീറയുടെ സമരം പരാജയപ്പെടുക തന്നെയായിരുന്നു എന്ന് ഉറപ്പിച്ചുപറയാം. ആ പരാജയം ഏറ്റുവാങ്ങി ജസീറയ്ക്ക് തിരിച്ചുപോകാതെ തരമില്ല, കാരണം തീരം ജസീറയുടേത് മാത്രമല്ലല്ലോ. അത് ഒറ്റയാളുടേത് മാത്രമല്ലല്ലോ.. അത് എന്റെയും നിങ്ങളുടേയും കൂടിയല്ലേ. എനിക്കും നിനക്കും വേണ്ടെങ്കിൽ പിന്നെ നമുക്കതിൽ എന്തുകാര്യം? സ്വയം ഒറ്റുകൊടുക്കുന്നവരുടെ ജനാധിപത്യസങ്കൽപങ്ങൾക്ക് ഇങ്ങനെ സ്വയം ന്യായീകരിക്കാനേ കഴിയൂ. ■

## ജസീറയുടെ സമരവഴി

കണ്ണൂർ മാടായി നീരൊഴുക്കുംചാൽ സ്വദേശിനിയായ ജസീറ ഒന്നരവർഷം മുമ്പാണ് വീടിനു സമീപത്തെ ബീച്ചിൽ നിന്നുമുള്ള അനധികൃത മണൽ ഖനനത്തിനെതിരെ സമരം ആരംഭിച്ചത്. പോലീസിൽ പരാതിപ്പെട്ടിട്ടും ഫലമില്ലാത്തതിനാൽ മക്കളോടൊപ്പം ജസീറ കണ്ണൂർ കളക്ട്രേറ്റിന് മുന്നിൽ സമരം ആരംഭിച്ചു. പുതിയങ്ങാടി കടപ്പുറത്ത് പോലീസ് പിക്കറ്റ് പോസ്റ്റ് സ്ഥാപിക്കുമെന്ന കളക്ടറുടെ ഉറപ്പിനെ തുടർന്ന് ജസീറ സമരം അവസാനിപ്പിച്ചു. പോലീസ് ഏയ്ഡ് പോസ്റ്റ് സ്ഥാപിച്ചിട്ടും മണൽ മാഫിയ സജീവമാണെന്നും സർക്കാർ ഉടൻ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ജസീറ പിന്നീട് സെക്രട്ടറിയേറ്റിനു മുന്നിൽ സമരം തുടങ്ങി. ഒരു മാസം കഴിഞ്ഞ് മുഖ്യമന്ത്രി കണ്ണൂർ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. സാമ്പത്തിക ലാഭത്തിനു വേണ്ടിയാണ് ജസീറയുടെ സമരമെന്നായിരുന്നു കളക്ടറിന്റെ മറുപടി. പിന്നീട് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകിയെങ്കിലും അത് എഴുതിതരണമെന്ന് ജസീറ ആവശ്യപ്പെട്ടു. എന്നാൽ മുഖ്യമന്ത്രിയുടെ അടുത്തുനിന്നും വ്യക്തമായ ഉത്തരം ജസീറക്ക് ലഭിച്ചില്ല. തുടർന്നാണ് അവർ ഡൽഹിയിലേക്ക് സമരം മാറ്റിയത്.